Draft #1 of File 15886/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 27-Apr-2020 12:09 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പരീക്ഷാ നടത്തിപ്പിന്റെ സമയക്രമം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് 21.04.2020 -ന് രാവിലെ 11.00 മണിക്ക് കൂടിയ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ - സംബന്ധിച്ച്.

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 1869/EA 2/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 27.04.2020

*പരാമർശം:*-പരീക്ഷാ നടത്തിപ്പിന്റെ സമയക്രമം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് 21.04.2020 -ന് രാവിലെ 11.00 മണിക്ക് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പരീക്ഷാ നടത്തിപ്പിന്റെ സമയക്രമം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് 21.04.2020 -ന് രാവിലെ 11.00 മണിക്ക് കൂടിയ യോഗത്തിൽ ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ എടുത്തിരിക്കുന്നു.

1. 2020 മെയ് 18,20,22,23 തീയതികളിൽ ആറാം സെമസ്റ്റർ യു. ജി. പരീക്ഷകൾ നടത്തുവാൻ തീരുമാനിച്ചു.
2. 2020 മെയ് 19,21,25,26,27,28 തീയതികളിൽ നാലാം സെമസ്റ്റർ യു.ജി. പരീക്ഷകൾ നടത്തുവാൻ തീരുമാനിച്ചു.
3. യു. ജി. അഞ്ചാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകൾ മെയ് 25,26,27,28,29 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു.
4. 2020 മെയ് 25,26,27,തീയതികളിൽ പൂർവാഹ്നങ്ങളിൽ ആറാം സെമസ്റ്റർ പ്രായോഗിക പരീക്ഷകളും 28,29,30 തീയതികളിൽ നാലാം സെമസ്റ്റർ പ്രായോഗിക പരീക്ഷകളും നടത്തുന്നതിന് തീരുമാനിച്ചു.നിലവിൽ ലഭ്യമായവ വച്ച് പ്രായോഗിക പരീക്ഷകൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ അതാത് ചെയർമാന് നൽകുന്നതിനും തീരുമാനിച്ചു.
5. യു. ജി രണ്ടാം സെമസ്റ്റർ പരീക്ഷകൾ ജൂൺ രണ്ടാമത്തെ ആഴ്ച മുതൽ ഷെഡ്യൂൾ ചെയ്യുന്നതിനും തീരുമാനിച്ചു.
6. പി. ജി നാലാം സെമസ്റ്റർ പരീക്ഷകൾ മെയ് 25,27,29 , ജൂൺ 1,3, തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു.
7. പി. ജി പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 8,9,10 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു.
8. യു.ജി /പി. ജി രണ്ടാം സെമസ്റ്റർ പരീക്ഷകൾ (പ്രായോഗിക പരീക്ഷകൾ ഉൾപ്പെടെ) ജൂൺ മാസത്തിൽ തന്നെ തീർക്കേണ്ടതാണ്.
9. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പരീക്ഷാ നടത്തിപ്പിൽ ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷാ നടത്തിപ്പിനായി പരമാവധി ഹാളുകൾ ലഭ്യമാക്കേണ്ടതാണ്.
10. മെയ് ഇരുപത്തി എട്ടാം തീയതിക്കകം കളക്ഷൻ നടത്തുകയും ജൂൺ ഒന്നാം തീയതി ക്യാമ്പുകൾ

സജ്ജമാകുകയും വേണം. മൂല്യനിർണ്ണയത്തിനും തിരികെ ഉത്തരക്കടലാസുകൾ ഏൽപ്പിക്കുന്നതിനുമുള്ള സമയക്രമം പത്രത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

11. നവംബർ മാസത്തിൽ മാർക്ക് എന്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ സജ്ജമാക്കേണ്ടതാണ്.
12. വൈവ പരീക്ഷയുടെ മാർക്ക് പ്രാക്ടിക്കൽ പരീക്ഷയുടെ ഒരു നിശ്ചിത ശതമാനത്തിൽ കുറയുവാൻ പാടുള്ളതല്ല. വൈവക്ക് നൽകുന്ന മാർക്ക് കുറവായ കാരണം വിദ്യാർഥി പരാജയപ്പെടാൻ പാടില്ല.
13. പ്രത്യേക സാഹചര്യം കണക്കിലെടുത്തും എക്സ്റ്റേണൽ എക്സാമിനറുടെ യാത്ര ഒഴിവാക്കുന്നതിനും യു. ജി 6,4, പി.ജി. 4 എന്നീ സെമസ്റ്ററുകളുടെയും പ്രാക്ടിക്കൽ പരീക്ഷ അതാത് കോളേജുകളിൽ അതാത് അധ്യാപകർ തന്നെ ഇക്കൊല്ലം തീർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വൈസ് ചാൻസലറിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഉത്തരവ് നൽകേണ്ടതാണ്.
14. പ്രാക്ടിക്കൽ പരീക്ഷക്കുള്ള ചോദ്യ പേപ്പറുകൾ സ്പെഷ്യൽ ഇ - മെയിലിൽ കോളേജുകളിൽ ലഭ്യമാക്കേണ്ടതാണ്.
15. ഓൺലൈൻ പരീക്ഷ നടത്തിപ്പിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിന് ശ്രമം നടത്തേണ്ടതാണ്.
16. ബി.വോക്., ബി.ആർക്ക്, എൽ.എൽ.ബി, എം.ബി.എ എന്നീ കോഴ്സുകളുടെ പരീക്ഷാ ഷെഡ്യൂൾ ഉടൻ തയ്യാറാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബെന്നി പോൾ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
3.ഡോ: ആർ പ്രഗാഷ്, പരീക്ഷാ ഉപ സമിതി ചെയർമാൻ.
4.ഡോ: എ.ജോസ്, മെമ്പർ, സിൻഡിക്കേറ്റ്.
5.സി.ഇ സെക്ഷൻ / എ സി സി I / II / EA I സെക്ഷൻ
6. എല്ലാ CBCSS സെക്ഷനുകൾ / എല്ലാ ടാബുലേഷൻ സെക്ഷനുകൾ
7. സിസ്റ്റം മാനേജർ (i/c)
8.എല്ലാ EN സെക്ഷനുകൾ / EB I / III / VI / VII / VIII
9.എല്ലാ ജെ.ആർ / ഡി.ആർ / എ.ആർ (പരീക്ഷ )
10. ഐ.ക്യൂ.എ.സി/ കണ്ടന്റ് മാനേജ്മെൻറ് സെക്ഷനുകൾ
11.സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

Draft #1 of File 15886/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 27-Apr-2020 12:09 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 15886/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 27-Apr-2020 12:09 PM - Page 3

Draft #1 of File 9310/EA 2-2/2020/AC C 1 Approved by ASSISTANT REGISTRAR XI (EXAM) on 03-Mar-2020 10:13 AM - Page 2

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം